LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി 273 കുടിവെള്ള പദ്ധതികളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 273 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ഏകദേശം 95 ലക്ഷം ജനങ്ങൾക്ക് അധികമായി കുടിവെള്ളം ലഭ്യമാകുന്നതാണ്.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ**

217 (2772) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തന പുരോഗതിയിലുള്ള ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാം ; ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതിയിൽ എത്രത്തോളം നിർമ്മാണ പുരോഗതി ഉണ്ട് ; വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ SPAN പ്രകാരമുള്ള ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക/ഭരണാനുമതി തുക |
|---|---|---|
| (1) | (2) | (3) |
| 1 | നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധ ജലവിതരണ പദ്ധതി | 1267.93 ലക്ഷം രൂപ |
| 2 | നബാർഡ് ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി | 3124.11 ലക്ഷം |

| (1) | (2) | (3) |
|---|---|---|
| 3 | യു.ഐ.ഡി.എസ്.എസ്. എം.റ്റി.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി | 3000 ലക്ഷം (റിവൈസ്ഡ്) |
| 4 | എൻ.ആർ.ഡി.ഡബ്ല്യു.പി.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയുടെ കേടുവന്ന സി.ഐ. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | 500 ലക്ഷം |
| 5 | എൻ.ആർ.ഡി.ഡബ്ല്യു. പി.-ൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകളിലും വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 800 ലക്ഷം |

(ബി) ഒറ്റപ്പാലം നഗരശുദ്ധജലവിതരണ പദ്ധതിക്ക് യുഐ.ഡി. എസ്.എസ്.എം.റ്റി.-ൽ ഉൾപ്പെടുത്തി തദ്ദേശസ്വയംവകുപ്പിൽനിന്നും 4-11-2009-ൽ 1800 ലക്ഷം രൂപയുടെ ഭരണാനുമതിയും 21-1-2014-ൽ 3000 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തനപുരോഗതി ചുവടെ ചേർക്കുന്നു :

| (1) | (2) | (3) |
|---|---|---|
| 1 | റോ വാട്ടർ പമ്പിംഗ് മെയിൻ | പൂർത്തീകരിച്ചു |
| 2 | 13 എം.എൽ.ഡി. ജലശുദ്ധീകരണശാല | പൂർത്തീകരിച്ചു. |
| 3 | റോ വാട്ടർ പമ്പ് സെറ്റ് | 50 ശതമാനം പണി പൂർത്തിയായി (വൈദ്യുതികണക്ഷൻ ലഭിക്കേണ്ടതുണ്ട്.) |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 4 | ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ | 50 ശതമാനം പണി പൂർത്തിയായി |
| 5 | ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ | 95 ശതമാനം പണി പൂർത്തിയായി |
| 6 | വിതരണശൃംഖല - മേഖല I&IV | പൂർത്തീകരിച്ചു |
| 7 | വിതരണശൃംഖല - മേഖല II&III | 95 ശതമാനം പൂർത്തിയായി |

പ്രസ്തുത പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും എച്ച്-റ്റി. പവർ കണക്ഷൻ ലഭ്യമാക്കലും പ്രവർത്തന പുരോഗതിയിലാണ്.

(സി) 1-7-2011 മുതൽ 31-10-2014 വരെ സ്കാൻ പ്രകാരം പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

218 (2773) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കുമ്പോൾ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത് കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പാക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത്കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളെ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ഏറ്റെടുക്കുവാനും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുവാനും സാധിക്കൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly